# രണ്ടു് കൊട്ടങ്കാറുകൾ




M/270954 83
LAZ

406

പത്തൊമ്പതാം നൂറ്റാണ്ടിൽ

കേരളസഭയെ ഇളക്കിമറിച്ച

# രണ്ടു കൊടുങ്കാറ്റുകൾ



# ആമുഖക്കുറിപ്പ്

കേരളസുറിയാനി കത്തോലിക്കാസഭയെ സംബന്ധിച്ചേടത്തോളം, പത്തൊമ്പതാം നൂറ്റാണ്ട് നിർണ്ണായകമായ ഒരു കാലഘട്ടമായിരുന്നു. കാരണം, അക്കാലത്തു് റോക്കോസ് മേല്പുസ് ശീശ്മകളുടെ വേലിയേറ്റം കേരളത്തിൽ അതിമാത്രം ഭയാനകമായിത്തീർന്നതുതന്നെ. അവയോടെതിർത്തു് പട പൊരുതിയ മഹാരഥന്മാരിൽ ദൈവദാസൻ ചാവറ പ്രിയോരച്ചൻ, ബോംബെ വികാരി അപ്പസ്തോലിക്ക മോൺ. മെയ്റീൻ, വലിയ ചാണ്ടി അച്ചൻ, പഴെപാമ്പിൽ ബ. ലൂയീസച്ചൻ (എറണാകുളത്തെ ആദ്യവികാരി അപ്പസ്തോലിക്കാ) മുതലായ വൈദികരും അനേക അത്മേയ പ്രമുഖരും ഉൾപ്പെട്ടം. പ്രസ്തുത ശീശ്മകളോടുള്ള സമരത്തിൽ പ്രധാനപോക്കളമായി പരിണമിച്ചതു് ഏൽത്തുരുത്തു് ആശ്രമമത്രെ. ഭയാനകമായ ആ സമരത്തേയും അതിൽ പങ്കെടുത്ത മഹാരഥന്മാരെയും കുറിച്ചുള്ള സ്മരണ വിസ്മൃതിയുടെ ആഴത്തിൽ എന്നന്നേക്കുമായി ആണ്ടുപോകാതിരിക്കത്തക്കവിധം പൊതുജന ദൃഷ്ടിയിൽ കൊണ്ടുവരുകമാത്രമാണ് ഈ കുറിപ്പിന്റെ ഉദ്ദേശം.

അനുവാചകർക്കെല്ലാം ലേഖകന്റെ
വിനീത കൃപ്പകൈ.

ഫാ. ലാസർ സി. എം. ഐ.
B. A, L. T.

# ഏൽത്തുരുത്ത് ആശ്രമവും റോക്കോസ് മേല്പുസ് ശീശ്മകളും ഒരു നിരൂപണം

കേരളസഭ, ക്രൈസ്തവ കേന്ദ്രമായ റോമ്മിൽ നിന്നു് വളരെ വിദൂരമായ ഭാരതഭൂമിയുടെ ഒരു കോണിൽ ഹൈന്ദവ സഹോദരങ്ങളുടെ ഇടയിൽ ചിരകാലം ഞെരുങ്ങിക്കഴിയേണ്ടിവന്നു. താദൃശ സാഹചര്യങ്ങളിൽ, കാലചക്രത്തിരിച്ചിലിൽ ഈ സഭ വളരെയധികം വിപത്തുകൾ അഭിമുഖീകരിക്കുവാൻ ഇടയായി. അസ്തിത്വംപോലും ചോദ്യം ചെയ്യപ്പെട്ട സന്ദർഭങ്ങളും വിരളമായിരുന്നില്ല. എങ്കിലും പതിനാറാം നൂറ്റാണ്ടിന്റെ മദ്ധ്യദശയിൽ വി. ഫ്രാൻസീസ് സേവിയർ കേരളത്തിൽ കണ്ടതെന്തു്? വൈദേശിക സുറിയാനി മെത്രാന്മാരുടെ കീഴിൽ സമാധാനത്തോടും സംതൃപ്തിയോടുംകൂടി ഏകയോഗമായി കഴിയുന്ന ഒരു കത്തോലിക്കാ ജനവിഭാഗത്തെയത്രെ. അവർ പാഷാണ്ഡ വിഷം തീണ്ടിയവരായിരുന്നുവെന്ന അല്പസംശയംപോലും സിദ്ധൻ പ്രകടിപ്പിച്ചതായി കാണുന്നില്ല. സുറിയാനി വൈദികരോടു സഹകരിച്ചു വർത്തിക്കണമെന്ന അദ്ദേഹം മിഷനരിമാരോടു ഉപദേശിക്കുന്നതിൽ നിന്നു ഇതു വിശദമാണല്ലൊ.

ആദികാലം മുതൽക്കുതന്നെ കേരളക്രൈസ്തവ സമുദായത്തിനു്, ഇതര സമുദായങ്ങൾക്കിടയിൽ അദ്വിതീയമായ ഒരു നിലയും വിലയും ഉണ്ടായിരുന്നു— ഈ സമുദായത്തിനു് ഒരു ക്രൈസ്തവ രാജകുടുംബത്തെപ്പറ്റി അഭിമാനംകൊള്ളുവാൻ ക

ഴിയും. നായർ പട്ടാളത്തോടൊപ്പം അവരും രണഭൂമിയിൽ അടരാടിക്കൊണ്ടിരുന്നു. സാക്ഷാൽ വീരോചിത രക്തമാണ് കേരള നസ്രാണികളുടെ സിരകളിൽ പ്രവഹിക്കുന്നത്.

## റോക്കോസ് ശീശ് മ– 1861 മെയ്- 1862 മാച്ച്.

തദ്പാര, ഉദയംപേരൂർ സൂനഹദോസും കൂനൻ കുരിശു സത്യത്തിലേക്കു അവരെ വലിച്ചിഴച്ച സംഭവങ്ങളും അവരുടെ അഭിമാനത്തെ സാരമായി സ്പർശിച്ചു. എങ്ങനെയെന്നാൽ ഉദയംപേരൂർ സൂനഹദോസിൽവച്ച് കേരളക്രിസ്ത്യാനികളും അവരുടെ വിശ്വാസവും അവഹേളിക്കപ്പെട്ടു. കൂനൻകുരിശു സത്യത്തിനുശേഷം കേരളസഭ രണ്ടായി പിളർന്നു. സഭയിൽ നിന്നു പിരിഞ്ഞുപോയ പുത്തൻകൂറുകാരുടെ കാര്യം പോകട്ടെ. പൂർവ്വവിശ്വാസത്തിലും ആചാരത്തിലും റോമ്മാധികാരത്തിൻ കീഴിൽ ഉറച്ചു നിന്ന പഴയകൂറുകാർക്കും ശാന്തിയുടെ തുറമുഖത്തെത്തി വിശ്രമിക്കുവാൻ കഴിഞ്ഞില്ല. കാരണം, അവർക്ക് ഭരണകർത്താക്കളായി ലഭിച്ചതു് ലത്തീൻ മെത്രാന്മാരെയായിരുന്നു. ഭരണീയരും ഭരണകർത്താക്കളും തമ്മിൽ പൊരുത്തമില്ലാതെയത്രെ കഴിഞ്ഞിരുന്നതു്. പോരെങ്കിൽ പല അനിഷ്ട സംഭവങ്ങളും കൂടെക്കൂടെ നടന്നിരുന്നതിനാൽ സഭന്ത റീത്തിൽ ഒരു മെത്രാനെ ലഭിക്കുവാനുള്ള വ്യഗ്രത പ്രതിദിനം വർദ്ധിച്ചു വന്നു. ഇതിനായി റോമ്മാസിംഹാസനത്തിലേക്കു് അവർ അഭ്യർത്ഥനകളും, നിവേദനങ്ങളും അയച്ചുകൊണ്ടിരുന്നുവെങ്കിലും തങ്ങളുടെ യാചനകൾ വനരോദനങ്ങളായി പരിണമിക്കയാണുണ്ടായതു്. ആകയാൽ ലത്തീൻ റീത്തുകാരായ മെത്രാന്മാരിൽ നിന്നു് മോചനം ലഭിക്കുന്നതിനുള്ള യത്നം അചിരേണ സമരരൂപം പ്രാപിച്ചു. അതിനാൽ പത്തൊമ്പതാം നൂറ്റാണ്ടിൽ ശീശ്മകൾ പുറകെപ്പുറകെ പൊട്ടിപ്പുറപ്പെട്ടു് കേരള അന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കി. തന്മൂലം കേരളസഭക്കു് അവളുടെ നിലനില്പിനും സ്വാ

തന്ത്രൃലബ്ധിക്കുമായി ഒരു സമരം അനിവാര്യമായി വന്നു. ശീശ്മകളോടും മറുമുള്ള സമരത്തിൽ ഗണ്യമായ ഒരു പങ്കു് വഹിച്ചിട്ടുള്ളതാണു് ഏൽത്തുരുത്തു് ആശ്രമം. അങ്ങനെയായിരുന്ന ദൈവപരിപാലന ക്രമം. വാസ്തവത്തിൽ വിദൂരത്തുനിന്നുള്ള ശീശ്മകളുടെ കാഹളധ്വനിയാണു് ഈ ആശ്രമസ്ഥാപനത്തെ ത്വരിതപ്പെടുത്തിയതു്, അതെങ്ങനെയെന്നു പറയാം.

1855-ൽ അമലോത്ഭവ പ്രഖ്യാപനത്തിന്റെ പ്രഥമ വാർഷികത്തിൽ മാന്നാനം കുന്നിന്മേൽ ഒരു ഏതദ്ദേശിക സന്യാസസമൂഹം രൂപം പ്രാപിച്ചു. എന്നാൽ അതിനുമുമ്പു തന്നെ ഏൽത്തുരുത്തു് ഒരു ആശ്രമസ്ഥാപനത്തിനുള്ള കരുനീക്കങ്ങൾ തുടങ്ങിയിരുന്നു. വരാപ്പുഴ അധികാരത്തിൽ നിന്നു വാക്കാലുള്ള അനുമതിപ്രകാരം തുടങ്ങിയ ആശ്രമപ്പണി 1854-ൽ അതേ അധികാരത്തിൽ നിന്നുള്ള കല്പനപ്രകാരം നിരോധിക്കപ്പെട്ടു് കിടക്കുകയായിരുന്നു. എന്നാൽ ഈ ആശ്രമപ്പണി ത്വരിതഗതിയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള അനുമതി മാത്രമല്ല ഒത്താശകളും വരാപ്പുഴെ നിന്നുതന്നെയാണു് 1858-ൽ ഉണ്ടായതു്. ഇക്കാര്യത്തിൽ വരാപ്പുഴ ഇപ്പോൾ ഇത്ര വലിയ താല്പര്യം കാണിക്കുവാൻ കാരണമെന്തു്? മാന്നാനത്തെ സന്യാസസമൂഹത്തിന്റെ വ്യാപ്തി രൂപതക്കു പൊതുവെ പ്രയോജനകരമായിരിക്കുമെന്നു ചിന്തമെത്രാപ്പോലീത്താതിരുമനസ്സിനെ പ്രേരിപ്പിച്ചിരിക്കാം. മാത്രമല്ല അന്നത്തെ സാഹചര്യങ്ങളും ഏൽത്തുരുത്തു ആശ്രമസ്ഥാപനത്തിനു് അനുകൂലമായിരുന്നു. കാരണം, സുറിയാനി മെത്രാനെ ലഭിക്കുവാനുള്ള കേരള നസ്രാണികളുടെ നിലവിളി അവഗണിച്ചു തള്ളുവാൻ കഴിയാത്ത ഒരു നിലയിൽ എത്തിക്കഴിഞ്ഞുവെന്നു് അനുമാനിക്കുവാൻ വരാപ്പുഴെ അധികാരികൾക്കു് പ്രയാസമുണ്ടായിരുന്നില്ല. 1856-ൽ ബാ

ശാദിൽ നിന്നു് കേരളത്തിൽ തിരിച്ചെത്തിയ കടക്കച്ചിറ അന്തോനി അച്ചനോടു സുറിയാനിക്കാർ കാണിച്ച അനുഭാവവും, അംശമുടക്കം മഹറോനും അവഗണിച്ചു് അദ്ദേഹം കേരളത്തിൽ ചുറ്റിനടന്നു് പണപ്പിരിവും മറ്റും നടത്തിയതും, ബാശാദിലും മറ്റും തൊണ്ടനാടൻ പ്രഭൃതികൾ നടത്തിവന്ന പ്രചരണങ്ങളും കേരളസഭയുടെ ഭാവിയെ ആശങ്കാനിർഭരമാക്കുവാൻ പര്യാപ്തങ്ങളായിരുന്നുവല്ലൊ

ബാശാദിൽ നിന്നു് അടുത്ത ഭാവിയിൽ ഉണ്ടാകുമെന്നു് ഭയപ്പെടേണ്ടതായ അക്രമങ്ങളെ ചെറുത്തു നില്ക്കുവാൻ ആശ്രമങ്ങളാകുന്ന ഉറച്ച കോട്ടകൾ ആവശ്യമാണെന്നു് വാഴപ്പള്ളി മനസ്സിലാക്കി. ആകയാൽ തെക്കുമാന്നാനത്തും, കിഴക്കു് വാഴക്കുളത്തും ഉള്ളതുപോലെ വടക്കൻ പ്രദേശങ്ങളിലും ഒന്നു് ഉണ്ടായെ കഴിയൂ എന്ന അനുമാനത്തിൽ അധികാരികൾ എത്തിച്ചേർന്നു. തദ്ദേശവാസികളായ ജനങ്ങളും വൈദീകരും ഒത്തൊരുമിച്ചു അപേക്ഷിച്ചതും, ഒരിക്കൽ അനുവദിച്ചുവെങ്കിലും പിന്നീടു് നിഷേധിച്ചതുമായ ഏൽത്തുരുത്തു് ആശ്രമം അതിവേഗത്തിൽ ഒരു യാഥാർത്ഥ്യമാക്കുന്നതിനായി യത്നം. തൽസാദ്ധ്യാർത്ഥം ബണ്ണങ്ങാനം എടവക പല്ലാട്ടു് അബ്രാഹം അച്ചനെ അരനാഴികയ്ക്കു വികാരിയാക്കി, ഏൽത്തുരുത്തു ആശ്രമകാര്യത്തിനായി താല്പര്യപൂർവ്വം അദ്ധ്വാനിക്കുവാൻ കല്പനയും കൊടുത്തു. ദൈവദാസൻ ചാവറ കുറിയാക്കോസച്ചൻ മെത്രാപ്പോലീത്താ തിരുമനസ്സിലെ കല്പനപ്രകാരം സ്ഥലത്തുവന്നു് ഏൽത്തുരുത്തു് ആശ്രമത്തിനു് കല്ലിടുകയും ചെയ്തു. എല്ലാവക്കും താല്പര്യമുള്ള ഒരു കാര്യമായിരുന്നതിനാൽ ആരംഭത്തിൽ ആശ്രമപ്പണി അതിവേഗം മുന്നോട്ടു നീങ്ങി, എങ്കിലും റോക്കോസു് ശീശ്മയുടെ ഭയാനകമായ വേലിയേറ്റം നിമിത്തം പണപ്പിരിവിനും ആശ്രമപ്പണിക്കും മാന്ദ്യം ഭവിച്ചു. എങ്കിലും പണി കഴിവതും മുന്നോട്ടു തള്ളിക്കൊണ്ടുതന്നെയാണിരുന്നതു്.

തൊണ്ടനാട്ട അന്തോനി അച്ചനും മറ്റും ബാഗ്ദാദിൽ താമസിച്ച് ഒരു സുറിയാനി മെത്രാനെ ലഭിക്കുന്നതിനായി ഭഗീരഥപ്രയത്നം ചെയ്തു. അവരുടെ താല്പര്യാനുസരണം ഒരു സുറിയാനി മെത്രാനെ കല്പിച്ചനുവദിക്കണമെന്നു് മുസലിലെ പാത്രീയാർക്കീസ്, ഔദോ, തിരുസിംഹാസനത്തിലേക്കെഴുതി. എന്നാൽ റോമ്മിൽ നിന്നുള്ള തീരുമാനം അനുകൂലമായിരുന്നില്ല. ആകയാൽ തൊണ്ടനാടൻ കൂപിതനായി. അവിടെയുള്ള മെത്രാന്മാരെയും ജനങ്ങളെയും ഇളക്കി. അവർ തൊണ്ടനാടനോടു് നെസ്തോറിയൻ പാത്രിയാക്കീസിനെ സമീപിക്കുവാൻ ഉപദേശിച്ചു. തൊണ്ടനാടൻ അവിടേക്കു പുറപ്പെട്ടുവെന്നു കണ്ടപ്പോൾ ഔദോ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തെ തിരികെ വിളിച്ചു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ നിർബ്ബുദ്ധിതനായിട്ടാണു് ഔദോ പാത്രിയാക്കീസു് തോമ്മാ റോക്കോസു് എന്നൊരാൾക്കു് മെത്രാഭിഷേകം നൽകി കേരളത്തിലേക്കു് യാത്രയാക്കിയതു്. മലയാളത്തിലെ സ്ഥിതിഗതികൾ നേരിൽ കണ്ടറിഞ്ഞു് റിപ്പോർട്ടു് സമർപ്പിക്കാനായിരുന്നു നിർദ്ദേശം.

ബാഗ്ദാദിലെ നീക്കങ്ങൾ കേരളത്തിൽ അപ്പോളപ്പോൾ അറിഞ്ഞുകൊണ്ടാണിരുന്നതു്. അതിനാൽ റോക്കോസിന്റെ കേരളപ്രവേശനം തടയുവാൻ വരാപ്പുഴ മെത്രാസനത്തിൽ നിന്നു് എല്ലാ ഏർപ്പാടുകളും ചെയ്തു. ദൈവദാസനും ദീർഘമായ ഒരു വിജ്ഞാപനം വഴി വരുവാൻ പോകുന്ന വിപത്തിന്റെ ഗൗരവം ചൂണ്ടിക്കാണിക്കയും റോക്കോസു് മെത്രാനെ ആരും സ്വീകരിക്കരുതെന്നു് ഏറ്റവും ശക്തമായഭാഷയിൽ ഉപദേശിക്കയുമുണ്ടായി. യത്നങ്ങളെല്ലാം വിഫലമായി. റോക്കോസും അനുചരന്മാരും 1861 മെയ് 9-ാം തീയതി കൊച്ചിയിൽ വന്നിറങ്ങി.

റോക്കോസിനെ പാത്രിയാക്കീസു് മലയാളത്തിലേക്കു്

അയക്കുന്ന വിവരം മെസ്സോപ്പെട്ടോമിയായിലെ ഡെലഗറ്റു വരാപ്പുഴയെ അറിയിക്കുയും 1860 ഡിസമ്പർ 19-ാം തീയതി ആ വിവരം പള്ളികളിൽ പ്രസിദ്ധീകരിക്കയും ചെയ്യു. ഈ സംഗതി സംബന്ധിച്ചുതന്നെ പ്രൊപഗാന്ത അദ്ധ്യക്ഷനായ കർദ്ദിനാൾ തിരുമേനിയും 1860 നവമ്പർ 16-ാം തീയതി വരാപ്പുഴെക്കയച്ച എഴുത്തും പള്ളികളിൽ വിളംബരം ചെയ്തിരുന്നു. മാത്രമല്ല റോക്കോസ് മെത്രാനു് വിധേയനാകുവാൻ പാടില്ലെന്നു കാണിച്ചുകൊണ്ടു് 1861 ഫെബ്രുവരി മാസത്തിൽ ദൈവദാസൻ ഒരു പരസ്യംമൂലം എല്ലാവരേയും അറിയിച്ചിരുന്നു.

താട്ടശ മുൻകരുതലുകൾ എല്ലാം ഉണ്ടായിരുന്നുവെങ്കിലും തൊണ്ടനാടനച്ചനും മറ്റും കൊച്ചിയിൽനിന്നു് പള്ളിക്കാക്കും മല്പാന്മാക്കും അയച്ച നിർദ്ദേശങ്ങൾ അനുസരിച്ചു പല പള്ളിക്കാരും കൊച്ചിയിൽ എത്തി മെത്രാനെ സാഘോഷം സ്വീകരിച്ചു. റോമ്മിൽനിന്നുള്ള അധികാരപത്രത്തോടുകൂടിയാണോ ഈ വരവെന്നു് ആരും അത്ര ശ്രദ്ധിച്ചില്ല. തക്ക രേഖകൾ ഉണ്ടെന്നു ചിലരും ഇല്ലെന്നു വേറെ ചിലരും പറഞ്ഞിരുന്നതിനാൽ കലങ്ങിയ വെള്ളത്തിൽപെട്ട മത്സ്യംപോലെയായി കേരളീയർ. കൂടുതൽ ചിന്തിക്കുവാൻ വരാപ്പുഴെയോടുള്ള വിദ്വേഷം അനുവദിച്ചില്ല. തൃശ്ശൂരിലും അതിന്റെ പരിസരങ്ങളിലും ശീശ്മ കൂടുതൽ ഗുരുതരമായി ബാധിച്ചു. അതുകൊണ്ടു വലിയ ചാണ്ടി അച്ചൻ, പാറപ്പുറത്തു വക്കി അച്ചൻ മുതലായവർ ഏൽത്തുരുത്തു താമസിച്ചു തൃശ്ശൂരിലും അതിന്റെ പരിസരങ്ങളിലും പോയി പ്രസംഗിച്ചു ശീശ്മയെ തടയുവാൻ യത്നിച്ചുവന്നു. അതേസമയം മാന്നാനം ഏൽത്തുരുത്തു് എന്നീ ആശ്രമങ്ങൾ ആസ്ഥാനമാക്കി റോക്കോസിനെക്കൊണ്ടു കേരളസഭാഭരണം നടത്തുവാനായിരുന്ന പ്രതിയോഗികളുടെ ഉദ്ദേശം.

കേരളസഭയുടെ ഭയാനകഅവസ്ഥയും അതിന്റെ കാരണങ്ങളും ശരിക്കു് ഗ്രഹിച്ചിരുന്ന ബണ്ണ്ടദീനോസു് തിരുമനസ്സുകൊണ്ടു് ദൈവദാസൻ ചാവറ പ്രിയോരച്ചനെ വിപുലമായ അധികാരങ്ങളോടുകൂടെ 1861 ജൂൺ 8–ാംതീയതി സുറിയാനിക്കാരുടെ വികാരി ജനറാളായി നിയമിച്ചു. അന്നു മുതൽ കൂടുതൽ ഫലപ്രദമായി ശീശ്മയെ നിർമ്മാജ്ജനം ചെയ്യുവാൻ അദ്ദേഹം യത്നം തുടങ്ങി. 1861 ജൂൺ 19–ാംതീയതി അദ്ദേഹം വികാരി ജനറാൾ എന്ന നിലയിൽ റോക്കോസു് മെത്രാന്റെ അധികാരസാധുതയെപ്പറ്റി ഒമ്പതാം പിയൂസു് മാപ്പാപ്പക്കു എഴുതിച്ചോദിച്ചു. അതിനു മറുപടിയായി, റോക്കോസിന്റെ വരവു നിയമവിരുദ്ധമാണെന്നും മറും തിരുസിംഹാസനത്തിൽനിന്നു് രേഖാമൂലമുള്ള സന്ദേശം ലഭിച്ചു.

ഇതിനിടെ റോക്കോസു് പക്ഷക്കാർ അവരുടെ നിലഭദ്രമാക്കുവാൻ വരാപ്പുഴെ നിന്നുള്ള മുടക്കിൽപ്പെട്ടിരുന്ന വൈദികരെ സ്വീകരിച്ചും സെമിനാരികളിൽനിന്നു ബഹിഷ്കൃതരായവർക്കു പട്ടംകൊടുത്തും യത്നിച്ചു വന്നു. മാത്രമല്ല ദൈവദാസനും വരാപ്പുഴയോടു ചേർന്നുനില്ക്കുന്നവർക്കും റോക്കോസു് ഗൗരവമായ താക്കീതും തട്ടിമൂളിച്ചു. ദൈവദാസന്റെ കർമ്മകുശലത പരമാവധി പ്രത്യക്ഷപ്പെട്ട സന്ദർഭമായിരുന്നു അതു്. റോമിൽനിന്നുള്ള അധികാരപത്രത്തോടെയാണു് വന്നിരിക്കുന്നതെന്നു് വ്യാജം പറഞ്ഞാണല്ലൊ റോക്കോസു് ജനങ്ങളെ തന്റെ പാശ്ചവർത്തികളാക്കുവാൻ യത്നിച്ചിരുന്നതു്. റോക്കോസിന്റെ ഈ മുഖമൂടി മാറ്റുവാൻ ദൈവദാസൻ തീർച്ചയാക്കി. അദ്ദേഹം തൈക്കാട്ടുശേരി തരകന്റെ സംരക്ഷണയിൽ പാത്തുവരികയിൽ ദൈവദാസൻ പല വൈദികരോടും ജനപ്രമാണികളോടുംകൂടെ അവിടെ ചെന്നു അധികാര പത്രങ്ങൾ കാണിക്കണ

മെന്നാവശ്യപ്പെട്ട - അപ്പോൾ ചെമ്പുതെളിഞ്ഞു - അധികാര പത്രം ഇല്ലെന്നു തുറന്നു പറയുവാൻ അദ്ദേഹം നിർബ്ബന്ധിതനായി.

കൂടാതെയും ദൈവദാസൻ സഭാധാനലംഘനം ഭയന്നു കോട്ടയം പേഷ്ക്കാരെ വിവരം അറിയിച്ചതിന്റെ ഫലമായി റോക്കോസിനു് ദേവാലയ പ്രവേശനത്തിനു് നിരോധാജ്ഞ ലഭിച്ചിരുന്നു. അതിനാൽ റോക്കോസ് വടക്കോട്ടു നീങ്ങേണ്ടതായി വന്നു. എന്നാൽ അവിടേയും അദ്ദേഹം നിരോധാജ്ഞ അഭിമുഖീകരിക്കേണ്ടിവന്നു. ദിവാനിൽനിന്നുള്ളതായിരുന്നു അതു്. ഇങ്ങനെയാണു് ദൈവദാസൻ ആ ശീശ്മ നേതാവിനെ അടിയറ വെപ്പിച്ചതു്.

പതിനൊന്നു മാസം മാത്രമാണു് റോക്കോസ് കേരളത്തിൽ താമസിച്ചതു്. ഇതിനിടെ അന്നു സുറിയാനിക്കത്തോലിക്കരുടെ വകയായുണ്ടായിരുന്ന 154 പള്ളികളിൽ 86 പൂർണ്ണമായും 30 ഭാഗികമായും ശീശ്മയിൽ നിപതിച്ചുവെന്നു പറഞ്ഞാൽ റോക്കോസ് ശിശ്മയുടെ വ്യാപ്തി എത്രാണ്ടു ഊഹ്യമാണല്ലൊ. റോക്കോസ് തെക്കൊട്ടശ്ശേരിയിലിരുന്നു് വ്യാജ്യമായി അധികാരപ്രഖ്യാപനം ചെയ്തയാൽ മിക്ക വൈദികരും പള്ളികളും അദ്ദേഹത്തിനു് തലകുനിച്ചു. ചെറുത്തുനിന്ന വൈദികരോടും പള്ളികളോടുംകൂടെയായിരുന്നു കമ്മലീത്താരെവദികരും അവരുടെ ആശ്രമങ്ങളും.

1858ൽ ഏൽത്തുരുത്തു ആശ്രമത്തിനു കല്ലിടുവാൻ വന്നപ്പോൾ ദൈവദാസൻ കണ്ട ശോചനീയമായ അന്തരീക്ഷം ശീശ്മയുടെ കൊട്ടങ്കാറിനാൽ പ്രക്ഷുബ്ധമായി! പോരെങ്കിൽ ആശ്രമപ്പണിക്കു ഒത്താശ ചെയ്യുവാൻ വരാപ്പുഴയാൽ നിയുക്തനായ പുല്ലാട്ടച്ചൻ, അതിനായി വളരെ അധികം കായക്ലേശങ്ങൾ സഹിച്ച പുല്ലാട്ടച്ചൻ, റോക്കോസ്

ശീശുയുടെ നെറ്റിത്തുണിയായി മാറി. ശീശുക്കാരുടെ നെടുനായകനായി. എല്ലാവരേയും റോക്കോസിനു് തലകുനിപ്പിക്കുവാനായി അനന്തശയനം. അദ്ദേഹത്തിന്റെ പേരിമാറ്റവും വിക്രിയകളും ഏറ്റുപറഞ്ഞു ആശ്രമത്തിനും ആശ്രമവാസികൾക്കും അല്പവിഷമങ്ങൾ ഒന്നുമല്ല വരുത്തിവെച്ചതു്. അവയിൽനിന്നു മുക്തിനേടുവാൻ സിവിൽ അധികാരികളുടെ സംരക്ഷണം തേടേണ്ടിവന്നു.

ഇതിനിടെ കേരളം വിടുവാൻ പാത്രിയാർക്കീസിൽനിന്നുള്ള കല്പന തുടരെത്തുടരെ റോക്കോസിനു ലഭിച്ചുകൊണ്ടാണിരുന്നതു്, എങ്കിലും അതിനു അദ്ദേഹം വഴിപ്പെട്ടില്ല. അവസാനം റോമ്മിൽനിന്നു് അദ്ദേഹത്തിനുള്ള മഹറോൻ ശിക്ഷ പ്രസിദ്ധീകൃതമായി. ഇങ്ങനെ ശാപമേറ്റ റോക്കോസ് കേരളത്തിൽ പിന്നേയും കുറെകൂടെ അലഞ്ഞുതിരിഞ്ഞു. പെല്ലന്നിടത്തെല്ലാം ദൈവദാസന്റെ ശക്തി അദ്ദേഹം ദർശിച്ചു. എവിടേയും നിരോധനം. അവസാനം ഗതികെട്ട കേരളം വിടുവാൻ തീച്ചയാക്കി. കൊച്ചിയിൽചെന്നു യാത്രച്ചിലവു കിട്ടിയാൽ പോകാമെന്നു വരാപ്പുഴെ അറിയിച്ചു. മെത്രാപ്പോലീത്താ ദൈവദാസനെത്തന്നെയാണു് കൊച്ചിക്കയച്ചതു്. റോക്കോസ് കേരളത്തോടു യാത്രപറയുന്ന കാര്യത്തിൽ പിന്നേയും അസ്ഥിരനായി കാണപ്പെട്ടു. ദൈവദാസൻ തന്റെ സകല കഴിവുകളും ഉപയോഗിച്ചാണു് 1862 മാച്ചു് മാസത്തിൽ അദ്ദേഹത്തെ കപ്പൽ കയറ്റിയതു്.

റോക്കോസിന്റെ ആഗമനാനന്തരം കേരളത്തിൽ നടന്ന ചേരിത്തിരിവുകളും ബലപരീക്ഷണങ്ങളും മാത്രമല്ല അതിമാത്രം ശക്തിപ്രാപിച്ചു് ഭീകരരൂപം പ്രാപിച്ച റോക്കോസ്പ്രഭൃതികളുടെ അധ:പതനവും നാം കണ്ടു. ഇവയെ ഒന്നൊന്നായി പരിശോധിക്കുക. അപ്പോൾ കാണാം ഈ

കൊടുംങ്കാറിനെ ചെറുത്തുനില്ക്കുവാനും ഛിന്നഭിന്നമാക്കുവാനും ഏൽത്തുരുത്തിന്റെ ഉറച്ച നില തെല്ലുല്ല സഹായിച്ചിട്ടുള്ളതെന്നു്. റോക്കോസാകട്ടെ ബാഗ്ദാദിൽ തിരിച്ചെത്തിയശേഷം പൂർവ്വകൃത്യങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു ക്ഷമാപണം ചെയ്തുയാൽ പാത്രീയാക്കിസു് അദ്ദേഹത്തിനു് മോചനം നൽകി. റോക്കോസിന്റെ അവസാനം പ്രശാന്തവും പ്രത്യാശാജനകവുമാകുവാൻ ഇടവന്നതിൽ നമുക്കു ദൈവത്തെ വാഴ്ത്താം!

റോക്കോസു് കേരളംവിട്ടു. എങ്കിലും അദ്ദേഹത്തെ ഇവിടെനിന്നു് തിരിച്ചയക്കുവാൻ നടത്തിയ ഭീകരയത്നങ്ങളും സമരകോലാഹലങ്ങളും കേരളം മറക്കുവാൻ കാലമായിട്ടില്ലായിരുന്നു. അപ്പോഴാണല്ലൊ കേരളസുറിയാനിക്കത്തോലിക്കർതന്നെ വേറൊരു ശീശ്മ മെത്രാനെ സ്വാഗതം ചെയ്തതു്. എന്തുകൊണ്ടു്? റോക്കോസിന്റെ രംഗപ്രവേശനത്തിനു് വഴിതെളിയിച്ച യാഥാർത്ഥ്യങ്ങൾ അദ്ദേഹത്തെ ഇവിടെനിന്നു തുരത്തിഓടിച്ചതുകൊണ്ടു് പിഴുതുനീക്കപ്പെട്ടില്ല എന്നതുതന്നെ. സംഗതികൾ ഒന്നിനൊന്നു് വഷളായി വരുന്നുവെന്നും റോക്കോസു് അനുഭാവികൾ കേരളസഭയെ വിഴുങ്ങിക്കളയുമോ എന്നു ശങ്കിക്കത്തക്കനിലയിൽ എത്തിയെന്നും കണ്ടപ്പോഴാണല്ലൊ ദൈവദാസൻ കുരിയാക്കോസച്ചനെ പ്രത്യേക അധികാരങ്ങളോടുകൂടെ സുറിയാനിക്കാരുടെ വികാരിജനറാളാക്കിയതു്. ഉദ്ദിഷ്ട കാര്യം നൂറുശതമാനം വിജയത്തിൽ കലാശിച്ചു-പതിനൊന്നു മാസത്തിന്നിടയിൽ റോക്കോസു് കേരളം വിട്ടു. അതോടെ ദൈവദാസൻ നാമമാത്ര വികാരി ജനറാളായി. സുറിയാനി കത്തോലിക്കരുടെ കായ്യം നിരാശാജനകമാംവിധം പഴയപടിക്കുതന്നെ നീങ്ങി. ലത്തീൻ ഭരണകർത്താക്കൾ സുറിയാനിക്കാരെ ലത്തീൻകാരാക്കാൻ ഉദ്ദേശിച്ചു അവരോടു കാണിച്ചു വന്ന അവഗണന

മുതലായവ സുറിയാനി മെത്രാനുവേണ്ടിയുള്ള നിലവിളിക്കു ആക്കം കൂട്ടി. ഇങ്ങിനെയുള്ള സാഹചര്യങ്ങൾതന്നെ പുതിയൊരു ശീശ്മക്കു വഴി തുറന്നു.

## മേലൂസ് ശീശ്മ 1874 ഒക്ടോബർ–1882 മാച്ച്

കേരളത്തിലെ ഏതൊരുസ്ഥാപനത്തേയും അപേക്ഷിച്ചു മേലൂസ് സമരത്തിൽ ഏറ്റവും ത്യാഗപൂർണ്ണമായ സേവനം അനുഷ്ഠിച്ചിട്ടുള്ളതു് ഏൽത്തുരുത്തു് ആശ്രമമാണു്. മേലൂസ്പ്രൂതികൾ തങ്ങളുടെ കേന്ദ്രം തൃശ്ശൂർ ആക്കിയതിനാൽ സഭാധികാരികൾ ഏൽത്തുരുത്തു് തങ്ങളുടെ ആസ്ഥാനമായി തെരഞ്ഞെടുത്തു. അങ്ങനെ മേലൂസ് സമരത്തിൽ പങ്കെടുത്ത എല്ലാ വീരയോദ്ധാക്കളുടേയും സേനാധിപന്മാരുടേയും കോട്ടയായിത്തീർന്ന ഏൽത്തുരുത്തു്. ഇതിയും മനസ്സിലാക്കിയശേഷം ഭയാനകമെങ്കിലും ഏറ്റവും രസാവഹമായ മേലൂസ് ശീശ്മയുടെ വിക്രിയകളിലേക്കു നമുക്കൊന്നു എത്തിനോക്കാം.

1872–ൽ പീലിപ്പോസ് അസൈസ് എന്നൊരു കൽദായ വൈദികൻ ഭിക്ഷാടനാർത്ഥം തൃശ്ശൂർ വരുവാൻ ഇടയായി. പുത്തൻപള്ളി എടവക പുത്തോട്ട ഇന്നാശു അച്ചനായിരുന്ന അന്നു തൃശ്ശൂർ വികാരി. അദ്ദേഹം കേരളത്തിനു ഒരു സുറിയാനി മെത്രാനെ ലഭിക്കുവാനുള്ള സാധുതയെപ്പറ്റി ആഗതനുമായി സംഭാഷണം നടത്തി. ജനങ്ങളുടെ ഒരു കൂട്ട ഹജ്ജിയും മെത്രാന്റെ യാത്രചിലവും വഹിക്കാനുള്ള സന്നദ്ധതയും ഉണ്ടെങ്കിൽ കാര്യം സാധിക്കാം എന്നായി അസൈസ്. തൃശ്ശൂർ അരനാട്ടുകരെ പള്ളിവികാരിമാർ ഒത്തു പരിശ്രമിച്ചു, ആവശ്യപ്പെട്ട ഹജ്ജിയും യാത്രചിലവിനുള്ള തുകയും ഏറെ താമസിയാതെ ബാബേൽ പാത്രിയാ

ക്കീസീനു് അയച്ചുകൊടുത്തു. മലയാളത്തിൽ കടന്നു പറ്റുവാൻ ചെയ്ത സകല യത്നങ്ങളും വിഫലമായിരിക്കയിലാണു് ഈ ഹജ്ജി. പാത്രിയാർക്കീസു് സന്തുഷ്ടനായി ആക്രയിലെ മെത്രാനായിരുന്ന മാർ ഏലിയാസു് മേലൂസിനെ കേരളത്തിലേക്കു യാത്രയാക്കി.

മേലൂസു് ബോംബയിലെത്തിയപ്പോൾ പീലിപ്പോസു് അസൈസും മറ്റു ചില വൈദികരും അദ്ദേഹത്തെ കൂട്ടികൊണ്ടുപോരുവാൻ അവിടെ ചെന്നു ചേർന്നിരുന്നു. അന്നു ബോംബേ വികാരി അപ്പസ്തോലിക്കയായിരുന്ന മോൺ. ലെയൊ മൂറിൻ സാഹചര്യങ്ങളുടെ ഗൗരവം മനസ്സിലാക്കി. കേരളത്തിൽ പുതിയ ഒരു ശീശ്മയുണ്ടാക്കാതെ തിരിച്ചുപോകുവാൻ മേലൂസിനോടു ഉപദേശിച്ചു. മേലൂസു് തന്റെ ഉപദേശം സ്വീകരിക്കാതെ കേരളത്തിലേക്കു പോകുവാനാണു് ഉദ്ദേശിക്കുന്നതു എന്നു കണ്ടു്, മൂറിൻ ഉടനെ വിവരം വരാപ്പുഴെ അറിയിച്ചു. ദീർഘമായ ഒരു കമ്പിമൂലം മേലൂസിന്റെ കേരളപ്രവേശനം ജാഗ്രതാപൂർവ്വം തടയണമെന്നു ഉപദേശിക്കയും ചെയ്തു. മേലൂസാകട്ടെ കേരളത്തിൽ വന്നു ചേർന്നു. തൃശ്ശൂക്കാർ 1874 ഒക്ടോബർ 2-ാംതീയതി അദ്ദേഹത്തെ ആഹ്ലാദപൂർവ്വം സ്വീകരിച്ചു. അന്നു ഔദ്യോഗിക സന്ദർശനാർത്ഥം കണ്ടശ്ശാങ്കടവിൽ എത്തിയിരുന്ന മെത്രാപ്പോലീത്താ വിവരം അറിഞ്ഞു അത്യന്തം വ്യസനിച്ചു. അന്നവിടെ ധ്യാനപ്രസംഗം നടത്തിയിരുന്നവരിൽ പ്രമുഖനായ വലിയ ചാണ്ടി അച്ചനെ വിളിപ്പിച്ചു ഇങ്ങനെ പറഞ്ഞു: "ഇതാ മേലൂസു് അനധികൃതമായി കേരളത്തിൽ വന്നിരിക്കുന്നു. പണ്ടു നിങ്ങൾ റോക്കോസു് ശീശ്മയോടു പോരാടിയതുപോലെ ഇതിനോടും പോരാടണം. അതിനായി ഏൽത്തുത്തുതാമസമാക്കണം."

കല്പനപ്രകാരം വലിയ ചാണ്ടി അച്ചനും സഭയിലെ മ
റ്റു പ്രമുഖപ്രസംഗകരും സമരരംഗത്തിറങ്ങുവാൻ തയ്യാറാ
യി. എന്നാൽ പോക്കളമായിതീർന്ന തൃശ്ശൂർ പട്ടണത്തിൽ
കത്തോലിക്കർക്ക് കാലുകുത്തുവാൻപോലും സ്ഥലമുണ്ടായിരു
ന്നില്ല. ആകയാൽ ഏൽത്തുരുത്ത് ആശ്രമവികാരിയായിരു
ന്ന കാപ്പിൽ മത്തായി മറിയം അച്ചൻ, അരനാട്ടുകര ചിറ
മേൽ തരകൻ, ചാക്കോള യൌസേപ്പ്, ആലങ്ങാട്ടുകാരൻ
കുരിയപ്പൻ, ആട്ടോക്കാരൻ ദേവസ്സി, ചിറയത്ത് ലോനപ്പൻ
മുതലായവർകൂടി ആലോചിച്ച് റൊട്ടിക്കാരൻ ബാപ്പുവിന്റെ
സ്ഥലം വാങ്ങി ഒരു കപ്പേള പണികഴിപ്പിച്ചു. ഇതിന്റെ
നടത്തിപ്പ് വരാപ്പുഴെ നിന്ന് ഏൽത്തുരുത്ത ആശ്രമശ്രേഷ്ഠനെ
യത്രെ ഏല്പിച്ചത്. ആ കപ്പേളക്ക റൊട്ടിപ്പള്ളിയെന്ന് ശീ
ശ്മാക്കരും ബേസ്ലഹം കപ്പേളയെന്ന് കത്തോലിക്കരും പേർ
വിളിച്ചിരുന്നു. കട്ടക്കയത്തു വലിയചാണ്ടി അച്ചൻ, പാലാ
ക്കുന്നേൽ ചാക്കോച്ചൻ, കോടംകണ്ടത്ത് സെലസ്തീനോസ
ച്ചൻ മുതലായ പലരും തൃശ്ശൂർപോയി പ്രസംഗിക്കയും ശീ
ശ്മക്കാരോട് എതിർക്കുകയും ചെയ്തു. ഈ മൽപിടുത്തത്തിൽ
ചാണ്ടി അച്ചൻ മുതലായവർ സഹിക്കേണ്ടിവന്ന ബുദ്ധിമുട്ട
കളും ക്ലേശങ്ങളും ചില്ലറയല്ല. എങ്കിലും താല്ക്കാലിക
മായ സേവനത്തിന് തക്ക ഫലമുണ്ടായെന്നു പറഞ്ഞുകൂടാ. സു
റിയാനി മെത്രാന്റെ പേരിൽ ജനസാമാന്യത്തിനുണ്ടായിരു
ന്ന പ്രതിപത്തിയും വരാപ്പുഴെയോടുണ്ടായിരുന്ന വിദ്വേഷ
വുമാണ് ഇതിനു കാരണം. പരിശുദ്ധ പിതാവിൽ നിന്നുള്ള
അധികാരപത്രത്തോടുകൂടിയാണ് മേലൂസിന്റെ വരവെന്നു
ള്ള തൊണ്ടനാടന്റെ അവാസ്തവ പ്രസ്താവനകളും മറ്റും നി
മിത്തം പല പള്ളിക്കാരും വഞ്ചിതരായി ശീശ്മയിൽ പെട്ടു.
തെക്കൻ പ്രദേശങ്ങളിലെ കത്തോലിക്കർ റോക്കോസ് ശീ
ശ്മയിൽ നിന്ന് പഠിച്ച പാഠം ഓർത്ത് പൊതുവെ കരുതലോ
ടെ വർത്തിച്ചു. പൂർണ്ണമായി മേലൂസ് ശീശ്മയിൽപെട്ട പന്ത്ര

ണ്ടു പള്ളികളിൽ പതിനൊന്നും തൃശ്ശൂർ ശ്രുപതയിൽ പെട്ട വയായിരുന്നു. ഇതിൽനിന്ന് ഉത്തരപ്രദേശങ്ങളിൽ മേലൂസ് വിഷബീജം എത്ര ശ്രുക്ഷമായിരുന്നുവെന്നു കാണുവാൻ പ്രയാസമില്ലല്ലൊ.

ഒല്ലൂർ പള്ളി വികാരി ക. നി. മു. സ. മത്തായി ഗ്രീഗോരി അച്ചൻ, മേലൂസിനെ സംബന്ധിച്ചുള്ള യാഥാർത്ഥ്യം അറിയുന്നതിന്, എടവക്കരോട്ടുകൂടി തിരുസിംഹാസനത്തിലേക്കു എഴുതുകയുണ്ടായി. അതിനു മറുപടിയായി ഭാഗ്യസ്മരണാർഹനായ ഒമ്പതാം പീയുസ് മാർപ്പാപ്പായിൽ നിന്നു ഒല്ലൂർ പള്ളി വികാരിക്കും ഇടവകക്കാർക്കും ഒരു മറുപടി സന്ദേശം ലഭിച്ചു. അതിൽ അനധികൃതമായിട്ടാണു മേലൂസ് കേരളത്തിൽ വന്നിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കയും, വരാപ്പുഴയോട്ട ചേർന്നു നില്ക്കുണമെന്നു പിതൃവാത്സല്യത്തോടെ ഉപദേശിക്കയും ചെയ്തിരുന്നു. 1875 മെയ് 1-ാം തീയതി എഴുതപ്പെട്ട ഈ ലേഖനത്തിൽ പ. പിതാവു തന്നെയാണു ഒപ്പു വെച്ചിട്ടുള്ളതു. മേലൂസ് കേരളത്തിൽ പ്രവേശിച്ചു് ഏറെ നാളുകൾ കഴിയുന്നതിനുമുമ്പു് കേരളം വിടുവാനുള്ള കല്പന പ. പിതാവിൽ നിന്നു വരാപ്പുഴ വഴിക്കു് അദ്ദേഹത്തിനു ലഭിച്ചു. കല്പന അനുസരിക്കായ്കയാൽ 1874 ഒക്ടോബർ 25-ാം തീയതി വരാപ്പുഴെ നിന്നു് അദ്ദേഹത്തെ മഹറോൻ ചൊല്ലി.

ഈ അവസരത്തിലാണു് മേലൂസ് വഴി, പാലായിലെ കത്തോലിക്കരുടെ അപേക്ഷപ്രകാരം മാർ ജെയ്ക്കബ് എന്ന ഒരു മെത്രാനുംകൂടെ അനധികൃതമായി കേരളത്തിൽ വന്നതു്. അദ്ദേഹം 1876 മകരം 2-ാം തിയതി കുറവിലങ്ങാട്ടു സ്വീകരിക്കപ്പെട്ടു. കുനിമ്മേൽ കുരുവെന്നപോലെ അതും ഒരു പുതിയ പ്രശ്നമായിത്തീർന്നു.

അതേസമയം തന്നെ മെലൂഷ്യൻ സമരത്തിൽ നട്ടനായകത്വം വഹിക്കുവാനും കേരളസഭയെ അവളുടെ ചിരകാലപ്രതീക്ഷകളുടെ ലക്ഷ്യത്തിലേക്ക് നയിക്കുവാനും പോരുന്ന നിധിയിരിക്കൽ മാണിക്കത്തനാർ തന്റെ യൗവ്വനത്തിളപ്പിൽ പ്രക്ഷുബ്ധമായ കേരളാന്തരീക്ഷത്തിൽ രംഗപ്രവേശനം ചെയ്തത്. പല ഭാഷകളിൽ പാണ്ഡിത്യവും അവയെ പ്രൌഢമായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തിയും മാത്രമല്ല വീരോചിതമായ മനഃസ്ഥൈര്യവും കർമ്മകുശലതയും ഒത്തിണങ്ങിയ ഒരു വ്യക്തിയായിരുന്നു അദ്ദേഹം. മെലൂഷ്യൻ സമരത്തിൽ ഇടവക വൈദികരോടൊത്ത് കർമ്മലീത്ത സന്യാസികളും പോരാടി. വിദഗ്ദനായ ഒരു സേനാനിയെപ്പോലെ ഡാക്ടർ മൗറീൻ അവരെ നയിച്ചു. മാണിക്കത്തനാർ ഡാക്ടർ മൗറീന്റെ വലംകൈ ആയിട്ടാണ് ആദ്യന്തം വർത്തിച്ചത്. നേതാവ് അപ്രതീക്ഷിതമായി ബോംബെക്കു തിരിച്ചു പോകേണ്ടി വന്നപ്പോൾ, ഒട്ടും കുലുങ്ങാതെ തുടങ്ങി വച്ചിരുന്ന പരിപാടികളോരോന്നും ഈ മഹാരഥൻ ഏകനായി നയിച്ച് മകുടമണിയിച്ചു.

മേലൂസ് ബോംബെയിൽ നിന്നു കേരളത്തിലേക്കു പുറപ്പെട്ടനാൾ മുതൽ അവിടെ നടന്നിരുന്ന സംഭവങ്ങളോരോന്നും ഉൽക്കണ്ഠാപൂർവ്വം പഠിച്ചുകൊണ്ടിരിക്കുകയായിരുന്ന മൗറീൻ. കർമ്മകുശലനും, കുശാഗ്രബുദ്ധിയുമായ ഇദ്ദേഹം വിസിറ്റർ അപ്പസ്തോലിക്കയായി കേരളത്തിൽ വന്നുചേർന്നത് 1876-ാം മാണ്ടിന്റെ പ്രാരംഭഘട്ടത്തിലത്രെ. അനന്യസാധാരണമായ ആഘോഷത്തോടുകൂടെയാണ് അദ്ദേഹത്തെ മാന്നാനത്തു സ്വീകരിച്ചത്. 1876-ാംമാണ്ടു പന്തക്കുസ്തായുടെ തലേദിവസം മാന്നാനത്തിരുന്നു അദ്ദേഹം രണ്ടു ലേഖനങ്ങൾ എഴുതി. അവയിൽ ഒന്നു കുറവിലങ്ങാട്ടു താമസിച്ചിരുന്ന മാർ ജയ്ക്കബ് മെത്രാനെ പശ്ചാത്താപത്തിനും, മറേറതു

കെ. നി. മൂ. സ. സന്യാസികളെ സമരത്തിനും ആഹ്വാനം ചെയ്യുന്നതുമായിരുന്നു. അനന്തരം മാന്നാനത്തു വൈദികരുടേയും അൽമായരുടേയും ഒരു യോഗം മൗരീന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഏറെ താമസിയാതെ അങ്ങനെ ഒരു യോഗം ഒല്ലൂരും മൗരീന്റെ അദ്ധ്യക്ഷതയിൽ സംഘടിപ്പിച്ചു. ഇവയിൽവെച്ച് അദ്ദേഹം ശരിയായി ഗ്രഹിച്ചു, കേരളത്തിലെ ശീശ്മകളുടേയും മറ്റു കുഴപ്പങ്ങളുടേയും പ്രധാന കാരണം വരാപ്പുഴെ അധികാരികളുടെ നയവൈകല്യമാണെന്നു്.

മേലൂസ് ഇതിനകം തൃശ്ശൂർ ആസ്ഥാനം ഉറപ്പിച്ചിരുന്നു. അതിനാൽ മൗരീൻ തൃശ്ശൂരിനു ഏറ്റവും അടുത്ത ഏൽത്തുരുത്തു് ആശ്രമം തന്റെ സ്ഥിരവാസസ്ഥലമാക്കുവാൻ തീരുമാനിച്ചു. പതിനാറു മാസം അദ്ദേഹം ശീശ്മയോടു പോരാടി കേരളത്തിൽ കഴിച്ചുകൂട്ടി. അതിൽ ഏറിയ പങ്കും ഏൽത്തുരുത്തു തന്നെയായിരുന്നു അദ്ദേഹത്തിന്റെ വാസം. അങ്ങനെ ഏൽത്തുരുത്തു മെലൂഷ്യൻ ശീശ്മയോടുള്ള സമരത്തിന്റെ പല രംഗങ്ങളും ദർശിച്ചു. പല യുദ്ധകോലാഹലങ്ങൾക്കും സാക്ഷ്യം വഹിച്ചു. മേലൂസ് കക്ഷിക്കാർ തൃശ്ശൂരിനു് ഏൽത്തുരുത്തും ഒല്ലൂരും എത്തി മൗരീനുമായി തക്കവാദങ്ങൾ നടത്തി. മൗരീൻ റോമ്മിൽനിന്നുള്ള രേഖകൾ നിരത്തിവച്ചു് ശരിയായ അധികാരത്തോടുകൂടി വന്നവനല്ല മേലൂസ്, എന്നു സ്ഥാപിച്ചു. എങ്കിലും മൗരീൻ തക്കത്തിൽ തോറ്റുപൊന്നു' തൃശ്ശൂക്കാർ കൊട്ടിഘോഷിച്ചുകൊണ്ടാണിരുന്നതു്. ഇതെല്ലാം കണ്ടപ്പോൾ തക്കങ്ങൾകൊണ്ടു് പ്രയോജനമില്ലെന്നും കോടതി മുഖേന നീതിക്കായി വാദിക്കയായിരിക്കും വിവേകമെന്നുമുള്ള അനുമാനത്തിൽ മൗരീൻ എത്തിച്ചേർന്നു.

നാട്ടരാജ്യങ്ങളിലെ നിയമസംഹിതയെപ്പറ്റി മൗരീന്ന് നല്ല പരിജ്ഞാനമില്ലാതിരുന്നതിനാലാണ് അദ്ദേഹം ബ്രിട്ടീഷ് മലബാറിലേക്ക് തിരിഞ്ഞത്. ഇങ്ങനെ ബ്രിട്ടീഷ് മലബാറിലായിരുന്ന ചിറ്റാട്ടുകരെ പള്ളിയെ ആസ്പദമാക്കി കോഴിക്കോട്ട് ജില്ലാകോടതിയിൽ കേസ്സു കൊടുത്തു. വരാപ്പുഴെ വൈദികാധികാരികളുടെ പേക്കായിരുന്ന അന്യായം. എന്നാൽ ശീശുക്കാർ വാദിച്ച മേലൂസിന്റെ വരവിനുമുമ്പ് കേരളത്തിൽ വരാപ്പുഴെ, പതുവാദൊ എന്ന രണ്ടു വിഭാഗങ്ങൾ ഉണ്ടായിരുന്നുവെന്നു്. ഉടൻതന്നെ പതുവാദൊ അധികാരികളും വരാപ്പുഴയോട്ട ചേന്നു. ശീശുക്കാക്കു പ്രതികൂലമായിരുന്ന വിധി. എന്നുതന്നെയല്ല കത്തോലിക്കക്കു കോർട്ടുചെലവു കൊടുക്കുവാൻക്കൂടെ അവർ നിർബന്ധിതരായി. ശീശുക്കാർ മദ്രാസിൽ അപ്പീൽ കൊടുത്തു. ഇങ്ങനെ കേസ്സു നടന്നുകൊണ്ടിരിക്കുമ്പോഴാണ് മൗരീന്ന് ബോംബെയിലേക്കു മടങ്ങിപ്പോകുവാൻ കല്പനയുണ്ടായതു്. എങ്കിലും നിധിയിരിക്കൽ മാണിക്കത്തനാർ വിജയപ്രദമായി കേസ്സു നടത്തി. കോടതിച്ചെലവു് ശീശുക്കാരെക്കൊണ്ടു് കെട്ടിവെപ്പിച്ചു. അവരെ പല പള്ളികളിൽനിന്നും പുറത്താക്കി.

മൗരീൻ ഏൽത്തുരുത്തു താമസിച്ച വരികയിലാണല്ലൊ ശീശുമെത്രാനായ മാർ യാക്കോബിനെ മാനസാന്തരപ്പെടുത്തിയതു്. മാന്നാനത്തുനിന്നു് മൗരീൻ അദ്ദേഹത്തിനയച്ച ലേഖനം വായിച്ചപ്പോൾതന്നെ അദ്ദേഹം തന്റെ തെറ്റു ഗ്രഹിച്ചു. എങ്കിലും പിന്നീടു് തൃശ്ശൂർ, ശീശുക്കാരുടെ ഇടയിൽ വന്നതോടെ എന്തു ചെയ്യേണ്ടുവെന്നറിയാതെ വലിയ പരിഭ്രമത്തിലായി. മാർ യാക്കോബിന്റെ മനഃസ്ഥിതി അറിഞ്ഞിരുന്ന മൗരീൻ മാണിക്കത്തനാരെയും വേറൊരു വൈദികനെയും അദ്ദേഹത്തിന്റെ പക്കലേക്കയച്ചു. ശീശുക്കാരുടെ കാവൽ നിമിത്തം അവർ തടയപ്പെട്ടു. എന്നാൽ ശീശുക്കാരനെങ്കിലും

മാർ യാക്കോബിന്റെ സെക്രട്ടറിയായ ഒരു വൈദികന്റെ സഹായത്താൽ മെത്രാനെക്കണ്ട് സംസാരിക്കാൻ സാധിച്ചു. മാത്രമല്ല മാണിക്കത്തനാർ അദ്ദേഹത്തെ ധൈര്യപ്പെടുത്തി മൗരീന്റെ പക്കലേക്കു കൊണ്ടുവന്നു. മാർ യാക്കോബിന്റെ മനസ്സുതിരിവു 1877 സെപ്തമ്പർ 2-ാം തീയതിയാണു് സംഭവിച്ചതു്. 1877 സെപ്തമ്പർ 14-ാം തീയതി മാണിക്കത്തനാർ മാർ യാക്കോബിന്റെ സാമാനങ്ങൾ എടുക്കുന്നതിനു് അദ്ദേഹത്തെയും ചില സക്കാർ ഉദ്യോഗസ്ഥന്മാരെയുംകൂട്ടി തൃശ്ശൂർക്കു് പോയി. പള്ളിമതിലിനകത്തു കടന്നപ്പോൾ ശീശ്മക്കാർ മാണിക്കത്തനാരെ വളരെ അസഭ്യങ്ങൾ പറഞ്ഞു് അപമാനിച്ചു. മാർ ഏലിയാ മേലൂസിന്റെ വിലക്കില്ലായിരുന്നുവെങ്കിൽ അന്നവർ മാണിക്കത്തനാരുടെ കഥ കഴിക്കുമായിരുന്നു.

മാർ യാക്കോബിന്റെ മാനസാന്തരവിവരം മൗരീൻ കമ്പിമൂലം റോമ്മിൽ അറിയിച്ചു. ചെയ്യപോയ തെറ്റിനെപ്പറ്റി ക്ഷമായാചനം ചെയ്യുന്നതും ശിക്ഷാമോചനം യാചിക്കുന്നതുമായ ഒരെഴുത്തു മാർ യാക്കോബു് മാപ്പാപ്പക്കും അയച്ചു. ഇദ്ദേഹത്തെ മോചിപ്പിച്ചു സ്വന്തം ഇടവകയിലേക്കു് വിടണമെന്നു് കാണിച്ചു പാത്രിയാക്കീസിനും പ. പിതാവു് എഴുതണമെന്നു് മൗരീനും റോമ്മിലേക്കു് എഴുതിയിരുന്നു. മൗരീൻ ബോംബെയിലേക്കു മടങ്ങുമ്പോൾ മാർ യാക്കോബിനെ ഒന്നിച്ചുകൊണ്ടു പോയി. യാത്രാച്ചിലവും റോമ്മായിൽനിന്നുള്ള അനുവാദരേഖകളും കൊടുത്തുകൊണ്ടാണു് അദ്ദേഹത്തെ കാൽടിയായിലേക്കു യാത്രയാക്കിയതു്.

ഏൽത്തുരുത്തു് ആശ്രമത്തിൽ താമസിച്ചുകൊണ്ടു് ഡാ. മൗരീൻ വിട്ടിരുന്ന പീരങ്കിയുണ്ടകൾ ശീശ്മകോട്ടകളെ തകർത്തുകളയുന്നുണ്ടു്, എന്നതിൽ വരാപ്പുഴക്കു യാതൊരു സംശയ

വുമില്ലായിരുന്നു. എങ്കിലും ആ കശാഗ്രബുദ്ധി സംഗതികൾ ചുഴിഞ്ഞറിയുവാൻ പ്രാപ്തനാണെന്നും, തങ്ങളെക്കുറിച്ചു അനുകൂലമായ ഒരഭിപ്രായമായിരിക്കയില്ല വിസിറ്ററർ അപ്പസ്തോലിക്കു് എന്ന നിലയിൽ, അദ്ദേഹം റോമ്മിൽ സമർപ്പിക്കുകയെന്നും അവക്കു ശങ്കയുണ്ടായി. ആകയാൽ അവർ മൂരിനു് വിരോധമായി റോമ്മിൽ പരാതി ബോധിപ്പിച്ചു. തൽഫലമായി 1877–ൽ പേർസിക്കൊ മെത്രാൻ രഹസ്യവിസിറ്ററായി നിയമിക്കപ്പെട്ടു. അദ്ദേഹം വരാപ്പുഴെ ചെന്നു മിഷനറിമാരെ കണ്ടു സംസാരിച്ചതിൽ പല തെറ്റിദ്ധാരണകൾക്കും വിധേയനായി!

കരുണീക്കങ്ങൾ സുപ്രതീക്ഷയോടെ വീക്ഷിച്ചുകൊണ്ടിരുന്ന ഡാക്ടർ മൂരിനെ, പേർസിക്കൊ മെത്രാൻ ഏൽത്തുരുത്തു് വന്നു കണ്ടു സംഭാഷണം നടത്തി. അതിനുശേഷം ഡാക്ടർ മൂരിൻ ഏറെ താമസിയാതെ കേരളം വിട്ടു ബോംബെക്കു പോകുവാൻ കല്പനയായി. അതിനാൽ ചിറ്റാട്ടുകര പള്ളിക്കേസു് മാണിക്കത്തനാരെ ഏല്പിച്ചും, മദ്രാസിൽ പോയി തക്ക ഒരു വക്കീലിനെ ഏർപ്പെടുത്തിയുമാണു് അദ്ദേഹം വളരെ അധികം സ്നേഹിച്ച കേരളത്തോടും കേരളീയരോടും യാത്രചൊല്ലിപ്പിരിഞ്ഞതു്. ഡാക്ടർ മൂരിൻ ബോംബെക്കു പുറപ്പെടുന്നതിനുമുമ്പു കേരളീയർക്കുവേണ്ടി അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾക്കു നന്ദിപ്രകാശിപ്പിക്കുവാൻ ജനങ്ങളേയും വൈദികരേയും ആശ്രമശ്രേഷ്ഠൻ ഏൽത്തുരുത്തു് വിളിച്ചുകൂട്ടി. യാത്രയയപ്പു് പ്രമാണിച്ചു്, പാട്ടുകുർബ്ബാന, വാഴ്വു്, പ്രസംഗം മുതലായ ആഘോഷച്ചടങ്ങുകൾക്കും പുറമെ ഒരു പൊതുയോഗവുമുണ്ടായിരുന്നു. പിറ്റെ ദിവസം രാത്രി തോണിയിലാണു് അദ്ദേഹം ഇവിടെനിന്നും പുറപ്പെട്ടതു്. വൈദികരും, സെമിനാരിക്കാരും മത്താപ്പു മുതലായവ കത്തിച്ചു് എതിരേറ്റുകൊണ്ടാണു് കടവിലേക്കു

ആനയിച്ചതു എന്നു കാണുന്നതിൽനിന്നു് മൗരീൻ തന്റെ നിസ്വാർത്ഥസേവനങ്ങൾ വഴിയായി ആശ്രമവാസികളേയും സെമിനാരിക്കാരേയും മറ്റും എത്രമാത്രം കൃതജ്ഞതാഭരിതരാക്കിയെന്നു കാണാവുന്നതാണു്.

റോക്കോസ് കേരളത്തിൽ കഴിച്ച കാലമത്രയും തൊണ്ടനാട്ട അന്തോണി അച്ചൻ ആ ശീശ്മ മെത്രാനെ ആരാധിച്ചുവന്നു. അദ്ദേഹം കേരളം വിട്ടപ്പോൾ തൊണ്ടനാടൻ വരാപ്പുഴ ഭാഗത്തേക്കു തിരിഞ്ഞു. എന്നാൽ മേലൂസ് മെത്രാന്റെ ആഗമനാനന്തരം വീണ്ടും ശീശ്മയിലേക്കു-മേലൂസ് ശീശ്മയിലേക്കു വഴതിവീഴുകയാണുണ്ടായതു്. ഒരു വഷ്ത്തിനു് ശേഷം മേലൂസ് മെത്രാനെ ഉപേക്ഷിച്ചു അദ്ദേഹം വരാപ്പുഴ അധികാരികളുടെ ഭാഗത്തു ചേർന്നു. എന്നാൽ മാർ യാക്കോബ് കേരളം വിട്ടപ്പോൾ മേലൂസ് തൊണ്ടനാടനെ തിരുത്തുക്കു വിളിപ്പിച്ചു് മെത്രാൻ പദം വീണ്ടെടുക്കുവാനും തെക്കൻ പള്ളികളെ ഭരിക്കുവാനും നിയോഗിച്ചു. അദ്ദേഹം സസന്തോഷം ആ ജോലി ഭരമേറ്റു.

മേലൂസ് കേരളത്തിൽ തന്റെ അധികാരം സുസ്ഥിരമാക്കുവാൻ ആവശ്യമെന്നു കണ്ടതെല്ലാം ചെയ്തു. എങ്കിലും ചിറ്റാട്ടുകരെ പള്ളി കേസ്സിൽ പരാജയമടയുകയാൽ മേലൂസ് ഗ്രഹിച്ചു, തന്റെ ശക്തി കേരളത്തിൽ കുറഞ്ഞുവരികയാണെന്നു്. ആകയാൽ കഴിവതും വേഗം കേരളം വിടുവാൻ തന്നെ അദ്ദേഹം തീർച്ചയാക്കി. തന്മൂലം തൊണ്ടനാടനെ വരുത്തി തനിക്കു് മെസൊപെട്ടോമിയായിലേക്കു ഉടനെ പോകേണ്ട ആവശ്യമുണ്ടെന്നും തന്റെ പേക്കു് പള്ളിഭരണം നടത്തണമെന്നു് ആവശ്യപ്പെടുകയും ആഗ്രസ്തീനോസ് കോർ എപ്പിസ്കോപ്പായെ സഹായിയായി കൊടുക്കുകയും ചെയ്തു. 1882 മാർച്ച് 5-ാം തീയതിയാണു് മേലൂസ് കേരളം വിട്ടതു്. അദ്ദേ

ഹം സ്വദേശത്തു ചെന്നു് മാനസാന്തരപ്പെട്ടു് കത്തോലി
ക്കാ ഐക്യത്തിലത്രെ ഐഹികവാസം വെടിഞ്ഞതു്. തൊ
ണ്ടനാട്ടു അന്തോണി അച്ചൻ മെത്രാന്റെ വേഷഭൂഷണങ്ങളോ
ടുകൂടെ തൃശ്ശൂരും ഇളംതോട്ടത്തിലുമായി പാത്തു് ശീശ്മപള്ളി
കളെ ഭരിച്ചുവന്നു. പിന്നീടു് പലപ്പോഴും പുനരൈക്യത്തി
നായി ആഗ്രഹം പ്രകടിപ്പിച്ചതല്ലാതെ പുനരൈക്യപ്പെടുകയു
ണ്ടായില്ല. ഈ സ്ഥിതിയിൽ 1900-ാം മാണ്ടിൽ അദ്ദേഹം
കാലയവനികക്കുള്ളിൽ മറഞ്ഞു.

ഈദൃശസംഭവങ്ങളിൽ കേരളീയർക്കു് അവർ ഇട
വകപട്ടക്കാരായാലും സന്യാസികളായാലും അൽമ്മായരാ
യാലും വികാരരഹിതരായിരിക്കുക സാദ്ധ്യമല്ലല്ലൊ. കേര
ളത്തിൽ നടമാടിയ ശീശ്മകളുടേയും ഛിദ്രങ്ങളുടേയും പ്രധാ
ന കാരണം സുറിയാനിക്കാരെ ഭരിക്കുവാൻ സുറിയാനി മെ
ത്രാന്മാരെ ലഭിക്കാത്തതാണെന്നു് പൊതുവെ അഭിപ്രായമു
ണ്ടായിരുന്നു. സുറിയാനി മേലാധികാരികൾ ഉണ്ടായിരുന്ന
കാലത്തു് സുറിയാനിക്കാർക്കുണ്ടായിരുന്ന വിലയും നിലയും
ഉദയംപേരൂർ സുനഹദോസിന്റേയും കൂനൻകുരിശുസത്യ
ത്തിന്റേയും ശേഷമുള്ള അവരുടെ അവസ്ഥയും അവർ ഓ
ത്തു. ലത്തീൻ ഭരണത്തിൻ കീഴെ സഭക്കും സമുദായത്തിനും
പ്രതിദിനം ഉണ്ടായിക്കൊണ്ടിരുന്ന അധ:പതനവും അഭിമാ
നക്ഷതവും എങ്ങനെ അവരെ കരയിക്കാതിരിക്കും. നമ്മു
ടെ കായ്യങ്ങൾ നോക്കുവാൻ നമ്മുടെ മെത്രാന്മാർ ഉണ്ടായെ
തീരൂ. സ്വന്തകാലിന്മേൽ നില്ക്കാതെ നമുക്കു അഭിവൃദ്ധി
യുണ്ടാകുകയില്ല. നൂററാണ്ടുകളുടെ അനുഭവജ്ഞാനത്തിൽ
നിന്നു് ഉരുത്തിരിഞ്ഞ തീരുമാനമായിരുന്നു അതു്. ആക
യാൽ സ്വന്തം രീത്തിൽ മെത്രാനെ ലഭിക്കണം എന്ന ആശ
ഒരു അഗ്നിപ്രവാഹമായിത്തീർന്നു. അതേസമയം നമ്മെ ഭരി
ച്ചിരുന്ന സഭാധികാരികൾക്കു് ഈ അഭിപ്രായം ഒട്ടും രുചി

ച്ചിരുന്നില്ല. അതുകൊണ്ട് അവക്കെതിരായി പൊതുജനങ്ങളും ഇടവക വൈദികരും തിരുസിംഹാസനത്തിലേക്ക് നിവേദനങ്ങൾ അയച്ചുകൊണ്ടാണിരുന്നത്. അങ്ങനെതന്നെ ആശ്രമങ്ങളിൽനിന്നും സെമിനാരികളിൽനിന്നും റോമിലേക്ക് ഹർജികൾ പോയി. വരാപ്പുഴെ അധികാരികൾക്കു ഇതു ഒട്ടും തന്നെ ഇഷ്ടപ്പെട്ടില്ല. തൽഫലമായി ഡാ. ലൂയിസ് പഴെപറമ്പിലും ചാവറ പ്രിയോരച്ചന്റെ അനന്തിരവൻ ബ. ജോസഫ് ചാവറ അച്ചനും ഉൾപ്പടെ ഏഴു സന്ന്യാസികൾ സഭയിൽനിന്നു് നിഷ്ക്കാസിതരായി. ഈ ബഹിഷ്ക്കരണത്തെപ്പറ്റി വിചിത്രമായ ഒരു കുറിപ്പ് ബെ ബെണ്ടാദച്ചന്റെ കൃതിയിൽ കാണാം. അദ്ദേഹം എഴുതുന്നു: "ഇതിനായി വരാപ്പുഴെ നിന്നയച്ച കല്പന പകർത്തിയെടുക്കാതെ മടക്കി അയക്കണം എന്നാജ്ഞാപിക്കുകയും, ഈ ബഹിഷ്ക്കരണത്തെപ്പറ്റി ആവലാതിപറഞ്ഞു കൂടെന്നു വിരോധിക്കയും ചെയ്തിരുന്നു". അവസാനം എന്തു സംഭവിച്ചു? ഡാ. പഴെപറമ്പിൽ സഭയിൽനിന്നു നിഷ്ക്കാസിതനായശേഷം സംഭവിച്ചവയെല്ലാം സുദീഘ്രമായ ഒരു കേബിൽ വഴി സസൂക്ഷ്മം റോമിൽ അറിയിച്ചു. മേലിൽ ഈ കാരണത്താൽ യാതൊരു സന്ന്യാസിയേയും സഭയിൽനിന്നു തള്ളിക്കളയരുതെന്നു കല്പനയായതുകൂടാതെ തള്ളികളയപ്പെട്ടവരിൽ ആക്കെങ്കിലും സഭയിൽ തിരികെ കൂട്ടുവാൻ ഇഷ്ടമുണ്ടെങ്കിൽ അങ്ങനെ ചെയ്യുവാനുള്ള അനുമതി നൽകുകയും ചെയ്തിരുന്നു. ഡാ. മൗരീൻ ഏഴു വ്യാകുലങ്ങൾ എന്നാണ് ഇവരെപ്പറ്റി പറഞ്ഞിരിക്കുന്നതു്. സുറിയാനിക്കാക്കു തനതായി മെത്രാന്മാരെ നിയമിച്ചുകാണുവാനുള്ള ഭാഗ്യം അവക്കു സിദ്ധിച്ചു. മാത്രമല്ല ഈ ഏഴു വ്യാകുലങ്ങളിൽ ഒരാളായിരുന്ന പഴെപറമ്പിൽ എറണാകുളം വികാരി അപ്പസ്തോലിക്കയായി ഉയർത്തപ്പെട്ടതു കാണുവാനും സംഗതി വന്നു. ഇങ്ങനെ

ഏഴ വ്യാകുലങ്ങൾ ഡാ. മൗരീന്റെ ഭാഷയിൽ ഏഴ സന്തോ
ഷങ്ങളായി രൂപാന്തരപ്പെട്ടു.

ശീശ്മയുടെ കോലാഹലങ്ങൾ പ്രചണ്ഡമായി നടന്നു കൊണ്ടിരുന്ന കാലത്തു് ഏൽത്തുരുത്തു ആശ്രമംതന്നെ കര സ്ഥമാക്കുവാനായിരുന്ന എതിരാളികളുടെ ശ്രമം. മേലൂസ് പാർട്ടിയിൽപെട്ട ചിലർ തങ്ങൾക്കു് ആശ്രമത്തിന്മേലും അതിന്റെ വസ്തുക്കളിന്മേലും അവകാശമുണ്ടെന്നു വാദിച്ചു ഒര ന്യായം ഫയലാക്കുകയുണ്ടായി. ഈ കേസ്സിൽ വക്കീലിനെ സഹായിക്കുവാൻ ഡാ. മൗരീന്റെ സിക്രട്ടറിയും നിധിയിരി ക്കൽ മാണി അച്ചനും പോയിരുന്നു. ഓരോ അവുധിക്കും മാണിക്കത്തനാർ സ്ഥലത്തെത്തി കേസ്സിന്റെ വിജയത്തി നായി ബുദ്ധിമുട്ടി വന്നു. അവസാനം 1880-ാംമാണ്ടു് ജൂലാ യി ഒന്നാം തീയതി കേസ്സുവിചാരണക്കെടുത്തു് 16-ാംതീയ വരെ വിസ്താരം നടത്തി. ആ മാസം 21-ാംതീയതി ആശ്ര മത്തിനു് അനുകൂലമായി വിധിയുണ്ടായി.

രഹസ്യവിസിറർറായി എത്തിയ പേർസിക്കൊ മെ ത്രാൻ കേരളത്തിലെ അസ്വസ്ഥത പരിഹരിക്കാൻ തക്ക മാർഗ്ഗങ്ങളെപ്പറ്റി മിഷനറിമാരുമായി ദീർഘമായ ചർച്ച കൾ നടത്തി. സെമിനാരി റെക്ടറായ മർസലിനോസ് അച്ച നെ മെത്രാനായി അഭിഷേകം ചെയ്യു് സുറിയാനിക്കാരെ ഭരിക്കുന്നതിനു നിയമിക്കുന്നതായാൽ എല്ലാം ശുഭമാകും എന്ന അനുമാനത്തിൽ എത്തിച്ചേർന്നു. ഡാ. പേർസിക്കൊ പ്ര സ്തുത തീരുമാനം റോമ്മിലറിയിക്കയും ബ. മർസലീനോസ ച്ചനു ബുളവരികയും ചെയ്തു. അങ്ങനെ അദ്ദേഹം അഭിഷി ക്തനായി സുറിയാനിക്കാരുടെ ഭരണം കയ്യേല്ക്കുകയുംചെയ്തു. എന്നാൽ ഇതുകൊണ്ടും കേരളസഭയെ ബാധിച്ചിരുന്ന സുഖ ക്കേടിനു് ശമനമുണ്ടായില്ല. അസംതൃപ്തി പിന്നെയും നീറി

ക്കൊണ്ടാണിരുന്നതു്. വിസിറ്റർ എന്ന നിലയിൽ ഡാ. മൗരീൻ തിരുസിംഹാസനത്തിലേക്കു് അയച്ചിരുന്ന റിപ്പോർട്ടു് കേരളത്തിലെ അസ്വാസ്ഥ്യത്തിനു് ഔഷധിയാകുമായിരുന്നു. എന്നാൽ വരാപ്പുഴെനിന്നുണ്ടായ പ്രതികൂല ഹർജി മേല്പടി റിപ്പോർട്ടിനെ നിഷ്ഫലമാക്കി. ഇങ്ങനെയിരിക്കെ നൂറാണ്ടുകൾക്കുശേഷം ദൈവപരിപാലനയുടെ കടാക്ഷം കേരളസഭക്കുണ്ടായി. അതെങ്ങനെയെന്നു പറയാം.

പരിശുദ്ധ സിംഹാസനം അഭിവന്ദ്യ മോൺസിഞ്ഞോർ അലിയാർദിയെ ഇന്ത്യയുടെ ഡലിഗേറ്റു അപ്പസ്തോലിക്കയായി നിയമിച്ചു. അദ്ദേഹം ബോംബെയിൽ വന്നു ചേർന്ന അവസരത്തിൽ ഡാക്ടർ മൗരീനു് അദ്ദേഹവുമായി സംഭാഷണം ചെയ്യുവാൻ ഒരവസരം ലഭിച്ചു. ഇതു കേരളീയർക്കുവേണ്ടി അദ്ദേഹം നന്നായി ഉപയോഗിക്കയും ചെയ്തു. കേരളത്തിലെ സ്ഥിതിഗതികൾ മൗരീനിൽനിന്നു് യഥാവിധി ഗ്രഹിച്ച ഡലഗേറ്റു് അദ്ദേഹത്തോടു ആവശ്യപ്പെട്ടതു്, സംഗതികൾ ഒന്നുകൂടി തിരുസിംഹാസനത്തെ ബോധിപ്പിക്കുവാൻ. കല്പനപ്രകാരം അദ്ദേഹം റോമ്മിലേക്കു എഴുതി. ഉപസംഹാരമായി അദ്ദേഹം നിർദ്ദേശിച്ചു. "കമ്മലീത്താ മിഷനറിമാരല്ലാത്തവരിൽനിന്നു ഒരു മെത്രാനെ സുറിയാനിക്കാർക്കായി നിയമിക്കുന്നതായിരിക്കും ഉത്തമമെന്നു്".

ഇന്ത്യയിൽ മെത്രാന്മാരുടെ സംഘത്തിൽ, കേരളത്തെ തെക്കും വടക്കുമായി ഭാഗിക്കണമെന്നും ഒന്നിന്റെ അധിപനായി മർസലിനോസു് തിരുമേനിയേയും മറേറതിനു് വേറൊരു കമ്മലീത്താ മിഷനറിയേയും നിയമിക്കണം എന്നുമായിരുന്നു വരാപ്പുഴെയുടെ നിർദ്ദേശം. മെത്രാന്മാരുടെ സംഘം സുറിയാനിക്കാർക്കു തനിയെ മെത്രാനെ നൽകണമെന്ന അഭിപ്രായത്തിൽ യോജിച്ചു. ആരെയാണു് ഭരണാധികാരി

കളാക്കേണ്ടതെന്നു അവർ തീരുമാനിച്ചില്ല. സംഘം അ
തിന്റെ തീരുമാനം ഡെലഗേററിനെ അറിയിച്ചു. മോൺ.
അലിയാർദി താമസിയാതെ റോമിലേക്കു പോയി. അഭിവ
ന്ദ്യ മോൺ. അയുത്തിയാണു് തൽസ്ഥാനത്തു നിയമിതനാ
യതു്. ഇതിനകം XIII–ാംലെയോൻ മാപ്പാപ്പാ സുറിയാ
നിക്കാരെ വരാപ്പുഴയിൽനിന്നു വേർപ്പെടുത്തുന്ന ബൂള പ്ര
സിദ്ധീകരിച്ചിരുന്നു. വരാപ്പുഴ പിന്നേയും കുഴപ്പങ്ങൾ ഉ
ണ്ടാക്കുവാൻ ശ്രമിച്ചു. ഇത്തവണ അതു ഫലിച്ചില്ല.

ഏറെ താമസിയാതെ 1887 മെയ് 20–ാംതീയതി തൃശ്ശൂർ
കോട്ടയം എന്ന രണ്ടു വികാരിയാത്തുകൾ സൃഷ്ടിക്കുകയും ഡാ.
മെഡിലിക്കോട്ട്, ഡാ. ലവീഞ്ഞു എസ്. ജെ. എന്നീ രണ്ടു
ഭരണാധികാരികളെ നിയോഗിക്കയുമാണുണ്ടായതു്. പുതി
യ നിയമനങ്ങളിൽ തൃശ്ശൂർ വികാരിയത്തിലേക്കുള്ള തിരു
വെഴുത്തു ഏൽത്തുരുത്തു ആശ്രമശ്രേഷ്ഠന്റെ പേക്കും, കോ
ട്ടയം വികാരിയത്തിലേക്കുള്ളതു് മാന്നാനം ആശ്രമശ്രേ
ഷ്ഠന്റെ പേക്കുമാണു് ഊട്ടക്കമൻറിൽനിന്നു് ഡെലഗേറു
അപ്പസ്തോലിക്കാ തിരുമനസ്സുകൊണ്ടു അയച്ചുകൊടുത്തതു്.
പ്രസ്തുത തിരുവെഴുത്തുകൾ രണ്ടും ഉടനെ പള്ളികളിൽ പ്ര
സിദ്ധീകരിക്കപ്പെട്ടു. താമസിയാതെ പുതിയ മെത്രാന്മാരു
ടെ സ്ഥാനാരോഹണത്തെക്കുറിച്ചു ആലോചിക്കുവാൻ അതതു ആ
ശ്രമശ്രേഷ്ഠന്മാർ വൈദികരുടേയും പൊതുജനങ്ങളുടേയും
യോഗങ്ങൾ ഏൽത്തുരുത്തും മാന്നാനത്തും വിളിച്ചുകൂട്ടി.
സ്ഥാനാരോഹണച്ചെലവിലേക്കു ഒരു പിരിവു നടത്തണമെന്നും,
അധികച്ചിലവായി വരുന്ന സംഖ്യ പ്രസ്തുത ആശ്രമങ്ങൾ
തന്നെ വഹിക്കണമെന്നുമായിരുന്നു നിശ്ചയം. രണ്ടു വികാ
രി അപ്പസ്തോലന്മാരുടേയും പൊതുസ്ഥാനാരോഹണം നടന്നതു്
അതതു ആശ്രമങ്ങളിൽവെച്ചുതന്നെയത്രെ. ഡോക്ടർ മെഡ
ലിക്കോട്ടു് 1887 ഡിസംബർ 18–ാംതീയതിയും ഡാക്ടർ

ലവീഞ്ഞു 1888 മേയ് മാസത്തിലും തൽസ്ഥാനങ്ങളിൽ ചെന്നു ഭരണം കയ്യേറ്റു.

ഇങ്ങനെ ഡാക്കർ മെഡലിക്കോട്ടും ഡാക്കർ ലവീഞ്ഞും കേരളത്തിൽവന്നു് പോരുന്നതുവരെ 40 വഷ്ത്തേക്കു ശീശുകളുടേയും വഴക്കുകളുടേയും കൊടുങ്കാറ്റിനാൽ ഭയാനകമാം വണ്ണം ഇളകി മറഞ്ഞിരുന്ന ഒരു വൻകടലായിരുന്നു കേരളം. അതിനു് മദ്ധ്യേ വിശിഷ്യാ വടക്കൻ പ്രദേശങ്ങളിൽ വിശ്വാസികളുടെ ഏക ആശാകേന്ദ്രമായി ഏൽത്തുരുത്തു നിലകൊണ്ടു.

രണ്ടു ശീശുകളുടേയും ഉൽപത്തിസ്ഥാനം ഏതാണ്ടു ഒന്നുതന്നെയാണെന്നു നാം കണ്ടു—സ്വന്തറീത്തിൽപ്പെട്ട ഭരണാധികാരികളുടെ അഭാവത്തിൽ സമുദായത്തിനുണ്ടായ തകച്ചുയും അഭിമാനക്ഷതവും. എന്നാൽ രണ്ടിന്റേയും വളച്ചുയും തകച്ചുയും തമ്മിൽ സാരമായ അന്തരമുണ്ടു്. റോക്കോസു് ശീശ്മ വായുവേഗത്തിൽ കേരളത്തിലാകെ വ്യാപിച്ചു. തെക്കും വടക്കും പ്രദേശങ്ങളെ അതു് ഒരുപോലെ പിടിച്ചുകുലുക്കി, പെട്ടന്നു വളർന്നു ശക്തിപ്രാപിച്ചു. കേരളസഭയെ അടിച്ചമർത്തുവാൻ പോരുന്ന ഒരു മഹാരക്ഷസനായി കാണപ്പെട്ടു. എങ്കിലും ദൈവദാസൻ ചാവറ കുരിയാക്കോസച്ചൻ മുതലായവരുടെ സ്ഥിരപരിശ്രമത്തിന്റേയും, വീരോദാത്തതയുടേയും ദൈവപരിപാലനയിൽ അടിയുറച്ച വിശ്വാസത്തിന്റേയും മുമ്പിൽ, ഗോലിയാത്തു ദാവീദിന്റെ മുമ്പിലെന്നപോലെ ആ വൻശക്തി അടിയറ വെക്കുകയാണുണ്ടായതു്. ഈ ശീശ്മയുടെ ദുഷ്ഫലങ്ങൾ കേരളത്തിൽ നീണ്ടുനിന്നില്ല.

മേലൂസ് ശീശ്മയുടെ ചരിത്രം ഇതിൽനിന്നു് അതിമാത്രം ഭിന്നമത്രെ. അതു് റോക്കോസ് ശീശ്മപോലെ

കേരളത്തെ ഒന്നാകെ ബാധിച്ചുവെന്നു പറയുവാൻ വയ്യാ. ഈ ശീശ്മയിൽ ചേർന്ന പന്ത്രണ്ടു പള്ളികളിൽ പതിനൊന്നും തൃശ്ശൂർ ശ്രുപതയിൽപ്പെട്ടവയായിരുന്നുവെന്നു് നാം കണ്ടു. ആകയാൽ ഇതു് വടക്കൻ ഭാഗത്തെയത്രെ സാരമായി ബാധിച്ചിരുന്നതെന്നു് കാണാം. തൃശ്ശൂർ നിന്നായിരുന്നല്ലൊ അതിന്റെ പുറപ്പാടും. തൃശ്ശൂരും അതിന്റെ പരിസരങ്ങളും തന്നെയാണു് ഇന്നും അതിന്റെ തീക്തഫലങ്ങൾ അനുഭവിക്കിക്കൊണ്ടിരിക്കുന്നതു്. അതിടെ ഉമിയിൽ തീയെന്ന പോലെ നീറിനീറിക്കൊണ്ടിരിക്കയാണു്. ഇതെല്ലാം കണ്ടും അനുഭവിച്ചറിഞ്ഞും വളരെപേർ മാതൃസഭയുടെ മടിത്തട്ടിലേക്കു് മടങ്ങിവന്നുകഴിഞ്ഞു. വേറെ പലരും പ്രത്യാഗമിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. ഈ കാഴ്ച എത്രകണ്ടു് ആനന്ദപ്രദമല്ല! ഇന്നലെയെന്നോണം ഏകയോഗമായിക്കഴിഞ്ഞ സഹോദരരായ നാം എല്ലാവരും നാളെയെങ്കിലും ഐക്യപ്പെട്ടു് കാണുവാൻ നല്ല ദൈവം നാം ഏവരേയും അനുഗ്രഹിക്കട്ടെയെന്നു നമുക്കു പ്രാർത്ഥിക്കാം.



ST. JOSEPH'S I. S. PRESS, PATTURAIKKAL, TRICHUR.

